ഭരണ ഭാഷ-മാതൃഭാഷ

# GOVERNMENT OF KERALA

043446
17/12/18

നം.439/ഡി2/18/സാ.നീ.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 19.11.2018

സ്പെഷ്യൽ സെക്രട്ടറി

എല്ലാ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും

സർ,

വിഷയം - സാമൂഹ്യ നീതി വകുപ്പ് -കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ- എൻ.എച്ച്.എഫ്.ഡി.സി-ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് വാഹന/ഉപകരണ വായ്പ നൽകുന്നത്-പരസ്യം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന -- വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 17.11.2018-ലെ 3607/ബി1/2018/വി.ക്ഷേ.കോ നമ്പർ കത്ത്

സൂചനയുടെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി കേരളത്തിലെ ഭിന്നശേഷിക്കാരായ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സഹകരണ മേഖല ജീവനക്കാരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി 6% പലിശ നിരക്കിൽ വാഹന/ഉപകരണ വായ്പ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് 1% പലിശ ഇളവ് ശ്രവ്യ/കാഴ്ച/മാനസിക വൈകല്യം ഉള്ളവർക്ക് 0.5% പലിശ ഇളവ് എന്നിവ ഉണ്ടായിരിക്കും. പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ കോർപ്പറേഷന് സഹായകരമാകുന്ന ഈ പദ്ധതി പ്രകാരം വാഹന/ഉപകരണ വായ്പ നൽകുന്ന വിവരം സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സഹകരണ മേഖലയിൽ ജോലി ചെയ്യുന്ന അംഗപരിമിതർക്ക് അറിയിപ്പ് നൽകുന്നതിന് ഇതോടൊപ്പമുള്ള നോട്ടീസ് താങ്കളുടെ ഓഫീസിലെ ഭിന്നശേഷിക്കാരായ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും ഇതോടൊപ്പമുള്ള നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സാമൂഹ്യനീതി വകുപ്പ്

NHFDC

കേരള സംസ്ഥാന
വികലാംഗക്ഷേമ കോർപ്പറേഷൻ




# ഭിന്നശേഷിക്കാരായ ജീവനക്കാർക്ക്
# വാഹന വായ്പ

സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/സഹകരണ മേഖല

| | |
|---|---|
| വായ്പാ തുക | പരമാവധി 5 ലക്ഷം |
| കാലാവധി | 7 വർഷം വരെ |
| ജാമ്യ വ്യവസ്ഥ | ഉദ്യോഗസ്ഥ ജാമ്യം |
| പലിശ | പുരുഷൻമാർ 6%<br>സ്ത്രീകൾ 5% |

നവസംരംഭകർക്ക് സ്വയംതൊഴിൽ വായ്പ

| | |
|---|---|
| വായ്പാ തുക | 25 ലക്ഷം രൂപ വരെ |
| കാലാവധി | 7 വർഷം വരെ |
| ജാമ്യ വ്യവസ്ഥ | വസ്തു ജാമ്യം/ ഉദ്യോഗസ്ഥ ജാമ്യം |
| പലിശ | 5% മുതൽ 8% വരെ |

സ്ത്രീകൾക്ക് 1% ഉം ശ്രവണ, കാഴ്ച, മാനസിക വെല്ലുവിളികൾ
നേരിടുന്നവർക്ക് 0.5% ഉം പലിശയിളവ്

**സബ്സിഡി : 5 ലക്ഷം രൂപ വരെയുള്ള സ്വയംതൊഴിൽ വായ്പകൾക്ക്**
**നിബന്ധനകൾക്ക് വിധേയമായി 20% വരെ സബ്സിഡി)**

വിശദവിവരങ്ങൾക്കും അപേക്ഷാഫോറത്തിനും
കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
പൂജപ്പുര, തിരുവനന്തപുരം -695012
ഫോൺ: 0471 2347768, 7152, 7153, 7156 ഇമെയിൽ: www.hpwc.kerala.gov.in
kshpwc@kerala.gov.in